## റൂളിംഗ്

മി. സ്പീക്കർ: ആറുപേരുടെ വിയോജനക്കുറിപ്പുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞതുപോലെ 2012-ലെ ധനകാര്യ ബിൽ എട്ടാം സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു. അതോടൊപ്പം രണ്ടും അഞ്ചും കമ്മിറ്റികൾ സംയുക്തമായാണ് ചേർന്നത്. ഇതിൽ വരുന്ന ആറ് അംഗങ്ങൾ വ്യത്യസ്ത കമ്മിറ്റികളെ പ്രതിനിധാനം ചെയ്യുന്നവരാണ്. ഇവിടെ വിയോജനക്കുറിപ്പിൽ കാണുന്നത് പൊതുവായി ആറ് പേരും ഒരുമിച്ച് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതാണ്. ആ നടപടി തെറ്റാണ്. പൊതുവായിട്ടുള്ള ആറ് വിഷയങ്ങൾ പറഞ്ഞ് ആറ് പേരുടെ വിയോജനക്കുറിപ്പുണ്ട്. യഥാർത്ഥത്തിൽ രണ്ടാം സബ്ജക്ട് കമ്മിറ്റിയിലെ അംഗവും അഞ്ചാം സബ്ജക്ട് കമ്മിറ്റിയിലെ അംഗവും ആ അംഗം പ്രതിനിധാനം ചെയ്യുന്ന സബ്ജക്ട് കമ്മിറ്റിയുടെ വിയോജനക്കുറിപ്പ് മാത്രമേ പാടുള്ളു എന്ന് ചട്ടത്തിലുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ നോട്ടപ്പിശക് അതിനകത്തുണ്ട്. അതോടൊപ്പം തന്നെ നമ്മുടെ അംഗങ്ങൾ ഒരുമിച്ച് പൊതുവായി എഴുതിക്കൊടുക്കുകയും ചെയ്തു. സംയുക്തമായി കമ്മിറ്റി ചേർന്നുകഴിഞ്ഞാലും വിയോജനക്കുറിപ്പ് കൊടുക്കുമ്പോൾ, ഇവിടെ പൊതുവായി വിയോജനക്കുറിപ്പ് എഴുതി ഒരുമിച്ചാണ് കൊടുത്തിരിക്കുന്നത്. ശ്രീ. ബാബു എം. പാലിശ്ശേരി അദ്ദേഹം വരുന്നത് രണ്ടാം സബ്ജക്ട് കമ്മിറ്റിയിലാണ്, ഭൂ നികുതിയുമായി ബന്ധപ്പെട്ടതാണ്. അഞ്ചാം സബ്ജക്ട് കമ്മിറ്റിയിൽ വരുന്നത് ശ്രീ. ജോസ് തെറ്റ

യിൽ, അദ്ദേഹത്തിന്റേത് മോട്ടോർ വെഹിക്കിളിൽ ഏർപ്പെടുത്തിയ നികുതിയുമായി വിയോജിക്കുന്നതാണ്. അതുകൊണ്ട് വിയോജനക്കുറിപ്പ് ഏതിന്മേലാണോ അതാണ് സംസാരിക്കേണ്ടത്. മറ്റൊരു അഭ്യർത്ഥനയുള്ളത് ആറ് പേർ ഇപ്പോൾതന്നെയുണ്ട്. അടിച്ചേൽപ്പിക്കുന്നതല്ല. നിർബന്ധമായും പത്ത് മിറ്റിട്ടിനുള്ളിൽ വിയോജനക്കുറിപ്പ് സംസാരിച്ച് തീർക്കണം. പഴയ ചട്ടങ്ങളിലേക്ക് പോകുന്നതല്ല. അങ്ങനെയാണെങ്കിൽതന്നെ ഇതിന് പത്ത് മിനിട്ടേ പാടുള്ളു എന്ന് 2003-ൽ വളരെ വ്യക്തമായ ഒരു റൂളിംഗുണ്ട്. ഇവിടെ ആറ് പേരുണ്ട്. വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട പഴയ റൂളിംഗിൽ പിടിച്ചുകൊണ്ട് പറയുന്നതല്ല. ഒരാൾ പത്ത് മിനിട്ട് എടുത്താൽ തന്നെ ഒരു മണിക്കൂർ ആകുകയാണ്.

വിയോജനക്കുറിപ്പ്

ശ്രീ. ജോസ് തെറ്റയിൽ: പ്രധാനമായിട്ടുള്ളത് മോട്ടോർ വെഹിക്കിൾ ടാക്സേഷനിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്ന, ഇത്ര സി.സി. ഉള്ള വാഹനങ്ങൾക്ക് ഏർപ്പെടുത്തുന്ന നികുതിയുടെ ശത മാനം ഇന്നുള്ളതിൽനിന്ന് വ്യത്യസ്തമായി വർദ്ധിപ്പിക്കണമെന്ന് പറയു മ്പോൾ എത്ര തുകയ്ക്കാണ് വർദ്ധനവ് വേണ്ടത് എന്നുള്ളതിനെക്കു റിച്ചുള്ള എന്റെ അഭിപ്രായ വ്യത്യാസമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ഉയർന്ന സി.സി. ക്ക് വേണ്ടിവരുന്നതും ഉയർന്ന തുക വേണ്ടിവരുന്നതു മായ, പത്ത് ലക്ഷമാണെങ്കിൽ പതിനഞ്ച് ലക്ഷമാക്കുന്നതുപോലെ, വർദ്ധിച്ച നിരക്ക് ഏർപ്പെടുത്താം. ഇപ്പോൾ കാണിച്ചിട്ടുള്ളതിൽനിന്നും വ്യത്യസ്തമായി നിരക്ക് വർദ്ധിപ്പിക്കണമെന്നും അത് ഉയർന്ന വില യ്ക്കുള്ള വാഹനങ്ങൾക്ക് വർദ്ധിപ്പിക്കണമെന്നും, ഉൾപ്പെടുത്തണമെന്നു മാണെന്നുള്ളതാണ് വ്യത്യസ്തമായ അഭിപ്രായം. എങ്കിൽ മാത്രമേ കൂടു തൽ വരുമാനമുള്ളവർക്കും സാമ്പത്തികമായി ശേഷിയുള്ളവർക്കും മാത്ര മായി ചുരുങ്ങുന്നതുവഴി ചെറിയ വാഹനങ്ങളുടെ നിരക്ക് കുറയ്ക്കാൻ കഴിയുകയുള്ളു. ചെറിയ വാഹനങ്ങൾക്ക് ഇന്നുള്ള ബാധ്യതയും ഭാരവും കുറയ്ക്കാൻ കഴിയുന്നതുവഴി കൂടുതൽ ലക്ഷ്വറി ആയിട്ടുള്ള ഐറ്റത്തിൽ വരുന്ന ലക്ഷ്വറി കാറുകൾക്കും, ലക്ഷ്വറി ആയിട്ടുള്ള സ്വകാര്യ വാഹന ങ്ങൾക്കും അത് ഉപയോഗിക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ആ നിരക്ക് പരിഷ്കരിക്കണമെന്നാണ് എന്റെ അഭിപ്രായം. (പ്രൊഫ. സി. രവീന്ദ്രനാഥ്)

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. അങ്ങയുടെ ഈ വർഷത്തെ ബഡ്ജറ്റിൽ വലിയ നികുതി വർദ്ധനവാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. നികുതി വർദ്ധനവ് കേരളത്തിന്റെ പല മേഖലയേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. നിരവധി തൊഴിൽ നൽകുന്ന ചെറുകിട വ്യവസായങ്ങളും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥതന്നെ അത്തരത്തിലുള്ള പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചെറുകിട ഉൽപാദകർ വളരെ ബുദ്ധിമുട്ടിലാണെന്നുള്ളതിന് ഒന്നുരണ്ട് ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. ധാരാളം ചെറുകിടക്കാർ പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് പായ്ക്ക് ചെയ്ത ഭക്ഷണങ്ങൾ വിൽക്കുന്ന ബേക്കറി മേഖല. അവിടെ വൻകിടക്കാരും ചെറുകിടക്കാരുമുണ്ട്. ബഡ്ജറ്റിലുണ്ടായ നികുതി വർദ്ധനവിലൂടെ ബേക്കറി മേഖലയിലെ ചെറുകിടക്കാർ വളരെയധികം ദുരിതത്തിലാണ്. അവർക്ക് പിടിച്ചുനിൽക്കാൻ ഈ നികുതി വർദ്ധനവിലൂടെ കഴിയില്ല. അതുകൊണ്ട് ചെറുകിട ഭക്ഷണസാധനങ്ങൾ പായ്ക്ക് ചെയ്ത് വിൽക്കുന്നവരെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തനത് മേഖലയാണ് ആയുർവ്വേദ മേഖല. ആഗോളതലത്തിൽതന്നെ ആയുർവ്വേദത്തിന് വലിയ സാധ്യതകളുണ്ടായി വരികയാണ്. ഏകദേശം ആയിരത്തി ഒരുന്നൂറോളം ഉൽപാദന യൂണിറ്റുകൾ ഈ മേഖലയിൽ കേരളത്തിലുണ്ട്. ആയിരക്കണെ

ക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതാണ് ഈ മേഖല. ഈ മേഖലയ്ക്ക് അങ്ങ് ഇളവ് പ്രഖ്യാപിച്ചതിൽ സന്തോഷമുണ്ട്. പക്ഷെ അത് ആ മേഖലയ്ക്ക് ഗുണകരമാകുവാൻ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നികുതിമാറ്റ ഭേദഗതിക്ക് 13-11-2009- മുതൽ മുൻകാല പ്രാബല്യം നൽകണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട നിർദ്ദേശമാണ്. ആ മേഖലയെ രക്ഷിക്കുവാൻ അതു കൂടി ഉണ്ടാകണം. അവർക്ക് മുൻകാല ആനുകൂല്യം നൽകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ചെരുപ്പ്, പ്ലാസ്റ്റിക്, സ്വർണ്ണം തുടങ്ങിയ വ്യാപാരം............

<u>ശ്രീ. രാജു എബ്രഹാം:</u> താരൻ ഉൾപ്പെടെ തലയിലുണ്ടാകുന്ന രോഗങ്ങൾക്ക് തലയിൽ തേയ്ക്കുന്ന എണ്ണയ്ക്ക് നാല് ശതമാനം മാത്രമേ ടാക്സ് ഉണ്ടായിരുന്നുള്ളു. അത് പന്ത്രണ്ട് ശതമാനമാക്കി ഉയർത്തിയിരിക്കുകയാണ്. എണ്ണ എന്ന പരിഗണനയിൽ ഈ ടാക്സ് കുറയ്ക്കേണ്ടതല്ലേ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> തീർച്ചയായും. ഞാൻ ഏറ്റവും പ്രധാനപ്പെട്ടതായി വരുത്തേണ്ട നിർദ്ദേശം പറഞ്ഞുവെന്നേയുള്ളു. കോസ്മെറ്റിക്സിന്റെ ഡെഫിനിഷനെക്കുറിച്ചാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത് എന്ന് മനസ്സിലായി. ആയുർവ്വേദത്തിൽ കോസ്മെറ്റിക്സ് എന്നുള്ളത് അലോപ്പതി കോസ്മെറ്റിക്സിന്റെ ആശയത്തിൽ അല്ല എന്ന് നമുക്കറിയാം. അവിടേയും ഔഷധം എന്ന രീതിയിലാണ്. ഔഷധം തന്നെ അന്നം, അന്നം തന്നെ ഔഷധം എന്ന ആയുർവ്വേദ സങ്കൽപത്തിലാണ്

ആയുർവ്വേദത്തിന്റെ കോസ്മെറ്റിക്സ് വരുന്നത്. എങ്കിലും ചില പ്രശ്ന ങ്ങളുണ്ട് എന്ന് നമ്മൾ വിസ്മരിക്കേണ്ടതില്ല. ആ മേഖലയ്ക്ക് ഞാൻ നിർദ്ദേശിച്ചതുപോലെയുള്ള മുൻകാല പ്രാബല്യം അങ്ങ് നൽകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചെരുപ്പ് വ്യവസായം കേരളത്തിൽ വളരെ വേഗം വളരുന്ന വ്യവസായമാണ്. നമുക്ക് ആവശ്യമുള്ളതിന്റെ ചെറിയ ഒരു ശതമാനം മാത്രമേ ഉൽപാദിപ്പിക്കുന്നുള്ളു. പ്ലാസ്റ്റിക് വ്യവസായം, സ്വർണ്ണ വ്യാപാരം, കൺസ്ട്രക്ഷൻ തുടങ്ങിയ മേഖലകളിലെ നികുതി വർദ്ധനവ് ആ മേഖലകളെ വളരെ പ്രതികൂലമായി ബാധിക്കുകയാണ്. ഈ മേഖലകളിൽ വർദ്ധിപ്പിച്ച നിരക്കുകൾ കുറച്ച് വ്യവസായങ്ങളെ രക്ഷി ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പാൻ മസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ നികുതി വർദ്ധനവിലൂടെ 76 കോടി രൂപ അങ്ങ് പ്രതീക്ഷി ക്കുന്നതായി ബഡ്ജറ്റിൽ കണ്ടു. പക്ഷെ പാൻമസാല സംസ്ഥാന സർക്കാർ നിരോധിച്ചു. വളരെ നല്ല സമീപനമാണ്. സ്വാഗതം ചെയ്യുന്നു. പക്ഷെ അങ്ങ് പ്രതീക്ഷിച്ച 76 കോടി രൂപ മറ്റെങ്ങും നികുതി വർദ്ധിപ്പി ക്കാതെ എങ്ങനെ കണ്ടെത്തും എന്ന് വ്യക്തമാക്കാമോ? കഴിഞ്ഞ സർക്കാർ എം.എൽ.എ. മാർക്ക് വീട് പണിയുന്നതിനും റിപ്പയർ ചെയ്യുന്ന തിനും ലോൺ അനുവദിച്ചിരുന്നു. പത്ത് ശതമാനം പലിശയുള്ള വായ്പയ്ക്ക് ആറ് ശതമാനം ഇളവ് നൽകാം എന്ന് അന്ന് പറഞ്ഞിരുന്നു. പക്ഷെ ഇതുവരെ ലഭ്യമായിട്ടില്ല. അങ്ങയുടെ വകുപ്പിൽനിന്ന് അനുവാദം നൽകുന്നില്ല എന്ന് അറിയുന്നു. ശരിയാണോ തെറ്റാണോ എന്ന് അറിയി

ല്ല. അങ്ങനെയാണ് കേൾക്കുന്നത്. ഇക്കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ നേരത്തെ ഒരു സബ്മിഷൻ അവതരിപ്പിച്ച വിവരം എനിക്ക് പറയാതെ കഴി യില്ല എന്നതുകൊണ്ട് പറയുകയാണ്. അങ്ങയുടെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ മാത്രം മാറ്റിവച്ചാൽ മതി നാഷണൽ ഹൈവേയിലെ വലിയ ദുരിതത്തിന് അറുതി വരുത്തുവാൻ. ഒരുപാട് സൗജന്യങ്ങൾ ചെയ്തിട്ടു ണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ ഒരു കാർ ടോൾപ്ലാസയിലൂടെ കടന്നു പോകാൻ 85 രൂപ കൊടുക്കുന്ന, ഏറ്റവും ദുരിതം അനുഭവിക്കുന്ന അവർക്ക് രണ്ട് കോടി രൂപ ബഡ്ജറ്റിൽ മാറ്റി വച്ചാൽ അവർക്ക് 30 ശത മാനം റേറ്റ് റെഡ്യൂസ് ചെയ്ത് കൊടുക്കാൻ കഴിയും. സബ്മിഷനിലൂടെ അങ്ങ് കഴിയില്ല എന്ന് പറഞ്ഞുവെങ്കിലും അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി അയിഷാ പോറ്റി: ഇവിടെ നികുതി വർദ്ധിപ്പിച്ചപ്പോൾ, നികുതി ഘടനയുണ്ടാക്കിയപ്പോൾ വൻകിട ബേക്കറിക്കാർ, അതായത് ബ്രാന്റഡ് ഉൽപന്നങ്ങൾ കൊടുക്കുന്ന ബേക്കറിക്കാർക്കും ചെറുകിട ഉൽപാദകർക്കും ടാക്സ് ഒരുപോലെ ആക്കിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ? ചെറുകിടക്കാരെ ഒഴിവാക്കേണ്ടതല്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ് : ഞാൻ അത് നേരത്ത സൂചിപ്പിച്ചതാണ്. ചെറുകിടക്കാരെ ഒഴിവാക്കി അവരെ രക്ഷിക്കണമെന്ന് ഞാൻ സൂചിപ്പിച്ചു. എങ്കിലും അങ്ങ് പറഞ്ഞതുകൊണ്ട് ഒരിക്കൽക്കൂടി അത് പറയുകയാണ്.

പൊതുവായ ചില കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് വേഗത്തിൽ അത് സൂചിപ്പിക്കാം. നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയും നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയും പരസ്പര പൂരകങ്ങളാണ്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഒരുപാടൊരുപാട് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ നടക്കുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ ഒന്ന്, ഇറക്കുമതി വർദ്ധിക്കുന്നു, കയറ്റുമതി അതനുസരിച്ച് വർദ്ധിക്കുന്നുമില്ല. അതുകൊണ്ട് നമ്മുടെ അടവ്-ശിഷ്ട കമ്മി കൂടി വരികയാണ്. സമ്പദ് വ്യവസ്ഥയെ അസ്ഥിരതയിലേയ്ക്ക് നീക്കുന്ന ഒരു പ്രശ്നമാണിത്. രണ്ട്, നാണയത്തിന്റെ മൂല്യം കുറയുന്നു. അതുപോലെതന്നെ ഡോളറിന്റെ മൂല്യം വർദ്ധിക്കുന്നു. ഇറക്കുമതി ചെലവ് ഇതോടെ വൻതോതിൽ കൂടുകയാണ്. പണപ്പെരുപ്പനിരക്ക് വർദ്ധിച്ചുവരികയാണ്. ഭക്ഷ്യപണപ്പെരുപ്പവും അനിയന്ത്രിതമായി വർദ്ധിക്കുകയാണ്. വിലക്കയറ്റം അതുകൊണ്ട് രൂക്ഷമാകും. മൊത്തം ആഭ്യന്തര ഉത്പാദനം കുറയുകയാണ്. കാർഷിക/വ്യാവസായിക ഉത്പാദനം കുറയുകയാണ്. ഇതിന്റെയൊക്കെ ഫലമായി തൊഴിലില്ലായ്മ വല്ലാതെ വർദ്ധിക്കുകയാണ്. രാജ്യത്തിന്റെ അടിസ്ഥാന സമ്പദ് രംഗത്തെ തകർക്കുന്നവിധം ഊഹക്കച്ചവടം വല്ലാതെ വളർന്നുകൊണ്ടിരിക്കുകയാണ്. സബ്സിഡികൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട പതിനൊന്നാമത്തെ കാര്യം, ടാക്സ് ജി.ഡി.പി. റേഷ്യോ/ ടാക്സ് ജി.എസ്.ഡി.പി. റേഷ്യോ കൂടി വരികയാണ്. അതിന്റെ കാരണം, ജി.ഡി.പി.യുടെ വളർച്ചാ നിരക്കും

ജി.എസ്.ഡി.പി. വളർച്ചാ നിരക്കും ഉള്ളതിനേക്കാൾ കൂടുതലാണ് ടാക്സിന്റെ വളർച്ചാ നിരക്ക്. ജി.ഡി.പി.യുടെ വളർച്ചാ നിരക്കും ജി.എസ്. ഡി.പി.യുടെ വളർച്ചാ നിരക്കും എത്രയാണോ അതിനേക്കാൾ ടാക്സിന്റെ വളർച്ചാ നിരക്ക് കൂടുമ്പോൾ ടാക്സ് ജി.ഡി.പി./ടാക്സ് ജി.എസ്.ഡി.പി. റേഷ്യോ കൂടിവരുന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലേയ്ക്ക് എത്തിക്കുകയാണ്. അതുപോലെ തന്നെ ടാക്സ്-നോൺ ടാക്സ് റേഷ്യോ കൂടിവരികയാണ്. ഇതിന് കാരണം, നികുതി വർദ്ധനാ നിരക്ക് കൂടുകയാണ്, അത്രയും നോൺ ടാക്സ് റവന്യു വർദ്ധിക്കുന്നില്ല. ഇത് ജനങ്ങളുടെ വരുമാനത്തെ ബാധിക്കുകയാണ്. നോൺ ടാക്സ് റവന്യു വർദ്ധിപ്പിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചത്. അങ്ങനെ ഞാൻ പന്ത്രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചുരുക്കി സൂചിപ്പിച്ചതാണ്. ഈ പന്ത്രണ്ട് പ്രശ്നങ്ങളുടേയും ഫലമായി ഏറ്റവും പ്രധാനമായി മനസ്സിലാക്കേണ്ടത് സാധാരണക്കാരുടെ റിയൽ വേജ് കുറഞ്ഞുവരികയാണ്. റിയൽ വേജ് കുറയാനുള്ള സാമ്പത്തിക കാര്യങ്ങളെക്കുറിച്ചാണ് പന്ത്രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചത്. സാധാരണക്കാർ വാങ്ങുന്ന വസ്തുക്കളുടെ വില ശരാശരി നൂറ് ശതമാനം വർദ്ധിച്ചപ്പോൾ വരുമാനം 25 ശതമാനം മാത്രമാണ് വർദ്ധിച്ചത്. കാർഷിക മേഖലയെ മാത്രം ആശ്രയിക്കുന്നവർക്ക് 25 ശതമാനം വരുമാനം കുറയുകയാണ് ചെയ്തത്. ഈ പ്രശ്നങ്ങളുടെ വസ്തുനിഷ്ഠമായ അവസ്ഥ കണക്കിലെടുത്തുകൊണ്ടാവണം ബഡ്ജറ്റ് മുന്നോട്ടുകൊണ്ടുപോകേണ്ടത്. യഥാർത്ഥത്തിൽ അതിനെയാണ്

ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നു പറയുന്നത്. ഇതൊന്നും കണക്കാക്കാതെ എങ്ങനെ കേരളാ ബഡ്ജറ്റ് ലക്ഷ്യം നേടുമെന്ന് മാണിസാർ പറഞ്ഞുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഡ്ജറ്റിൽ റവന്യു വരുമാനം, മൂലധന വരുമാനം എന്നീ രണ്ട് തരത്തിലുള്ള വരുമാനങ്ങളാണുള്ളത്. അതിൽ റവന്യു വരുമാനം പ്രധാനമായും നികുതി വർദ്ധനവിലൂടെയാണ്. പല വഴികളിലൂടെയും അങ്ങ് നികുതി വർദ്ധിപ്പിച്ചു. 1500 കോടി രൂപയുടെ നികുതി വർദ്ധനവാണ് ഈ ബഡ്ജറ്റിലൂടെ അങ്ങ് പ്രതീക്ഷിക്കുന്നത്. ജനങ്ങളുടെ വരുമാനവും വാങ്ങൽ ശേഷിയും വർദ്ധിക്കുമെന്ന പ്രതീക്ഷയിലാണ് നികുതി കൂട്ടിയത്. പക്ഷേ ബഡ്ജറ്റ് അവതരിപ്പിച്ച കാലത്തേക്കാൾ റിയൽ വേജ് വളരെയധികം കുറഞ്ഞുവെന്നത് ഇപ്പോൾ അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴുണ്ടായിരുന്ന സാധാരണക്കാരന്റെ റിയൽ വേജിന്റെ പത്തുശതമാനമെങ്കിലും ജൂലൈ മാസമായപ്പോൾ കുറഞ്ഞിട്ടുണ്ട്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ വാങ്ങൽ ശേഷി തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നത് സാമ്പത്തിക യാഥാർത്ഥ്യം മാത്രമാണ്. കേരളം അഭിമുഖീകരിക്കുന്ന സൂക്ഷ്മ സാമ്പത്തിക പ്രശ്നം ഇതാണ്. വരുമാനം കൂടുമെന്ന നിഗമനത്തിൽ ബഡ്ജറ്റിൽ കൂട്ടിയ നികുതി വർദ്ധനവ് അതുകൊണ്ടുതന്നെ പിൻവലിക്കണം എന്നുള്ള ഒരാവശ്യം ഞാൻ ഉന്നയിക്കുകയാണ്. വസ്തുനിഷ്ഠമായ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പറയുന്നത്. അല്ലാത്ത പക്ഷം സ്വതവെ തകർന്ന പാവപ്പെട്ടവന്റെ പോക്കറ്റിൽ നിന്ന്

വീണ്ടും പണം നഷ്ടപ്പെടും. മൾട്ടിപ്പിൾ നെഗറ്റീവ് ഇഫക്ട് ഉണ്ടാകും. ഈ മൾട്ടിപ്പിൾ നെഗറ്റീവ് ഇഫക്ട്, ക്യുമുലേറ്റീവ് നെഗറ്റീവ് ഇഫക്ട് ആകാവുന്ന രീതിയിൽ കേന്ദ്ര സർക്കാർ രണ്ടായിരം കോടി രൂപയുടെ അധിക നികുതി ഈ വർഷം വാങ്ങുന്നു. പെട്രോളിന്റെ വില വർദ്ധിപ്പിച്ചപ്പോൾ കേരളത്തിന്റെ നികുതി വരുമാനം വേണ്ടന്നുവച്ച് അങ്ങ് ജനങ്ങളെ സഹായിച്ചു. നല്ലത്. അതുപോലെ വിലക്കയറ്റം അതിരൂക്ഷമാവുകയും റിയൽ വേജ് കുറയുകയും ചെയ്യുമ്പോൾ രണ്ടായിരം കോടി രൂപയുടെ കേന്ദ്ര നികുതി ഏർപ്പെടുത്തിയതിനാൽ ക്യുമുലേറ്റീവ് നെഗറ്റീവ് ഇഫക്ടുണ്ടാക്കാൻ കേരളത്തിന്റെ മൊത്തം നികുതി വർദ്ധനവ് പിൻവലിച്ചുകൂടേ? അതല്ലേ സാമ്പത്തിക തകർച്ചയെ നേരിടുന്ന കേരളത്തിലെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ സാമ്പത്തിക നീതി? പൂർണ്ണമായും പിൻവലിക്കാൻ നിർദ്ദേശം വച്ചു. പിൻവലിക്കുന്നില്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കുകൾ റിയൽ വേജ് കുറയുന്നതിന്റെ അളവിന്റെ തോതിലെങ്കിലും കുറച്ചുകൂടേ? റിയൽ വേജ് കുറയുകയും ടാക്സ് കുറയ്ക്കാതിരിക്കുകയും ചെയ്യുമ്പോൾ ജനങ്ങളിൽനിന്ന് കൂടുതൽ കൂടുതൽ നികുതി ഈടാക്കപ്പെടുമെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ടാക്സ് നിരക്ക് കൂട്ടുന്നില്ല, പക്ഷേ ഇത്തരത്തിലൊരു സമീപനം എടുക്കണമെന്ന ഒരഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്. പത്തു മിനിട്ടാണ് അനുവദിച്ചത് 10 മിനിറ്റ് ആയി.

പ്രൊഫ. സി. രവീന്ദ്രനാഥ് : ഞാൻ ഡിസന്റല്ലേ പറയുന്നത്. വളരെ പ്രധാനപ്പെട്ട കാര്യമല്ലേ?

മി. ചെയർമാൻ : സ്പീക്കർ ധാരണയിലെത്തിയതാണ്. പത്ത് മിനിറ്റു വീതം ആറ് പേർക്കെന്ന ധാരണ വന്നതാണ്. അങ്ങേയ്ക്ക് എത്ര സമയം കൂടി വേണ്ടിവരും?

പ്രൊഫ. സി. രവീന്ദ്രനാഥ് : മൂന്നു മിനിട്ടുകൂടി വേണം. ഞാൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, വരുമാനം അനുസരിച്ച് ടാക്സ് എന്ന സങ്കൽപ്പത്തിൽ ഒരു മാറ്റം വരണം എന്നതാണ്. മാക്രോ/മൈക്രോ ഇക്കണോമിക് സ്റ്റേറ്റിലെ സാമ്പത്തിക ചലനങ്ങളെ മനസ്സിലാക്കിക്കൊണ്ട് നികുതി പിരിവിന് കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന രീതിയിലുള്ള ഒരു ഫിനാൻസ് ബില്ലിന് അങ്ങ് രൂപം കൊടുക്കണമെന്നുള്ളതാണ് അങ്ങയുടെ മുമ്പിലുള്ള ഒരു വെല്ലുവിളി. അങ്ങാണ് ഫിനാൻസ് ബിൽ എന്ന ആശയം കൊണ്ടുവന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് രൂപയുടെ മൂല്യം എത്ര ഇടിഞ്ഞാലും വിലക്കയറ്റം എത്ര രൂക്ഷമായാലും സമ്പദ് വ്യവസ്ഥ എത്ര തകർന്നാലും മാർച്ച് മാസത്തിൽ നിശ്ചയിച്ച നികുതി നിരക്കിൽ മാറ്റമില്ലെന്ന സാമ്പ്രദായിക ടാക്സിംഗ് രീതി മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ നികുതി വർദ്ധനവ് പിൻവലിക്ക

ണമെന്ന എന്റെ ആവശ്യത്തിന് ആക്കം കൂട്ടുന്ന ചില കാര്യങ്ങൾക്കൂടി ഞാൻ സൂചിപ്പിക്കാം. അങ്ങയുടെ ബഡ്ജറ്റ് -ഇൻ ബ്രീഫിലെ എ (6) ടേബിൾ total revenue as percentage of G.D.P. /G.S.D.P നോക്കുമ്പോൾ ടോട്ടൽ റവന്യുവിന്റെ ഭാഗമായ റവന്യു പോർഷൻ ഫ്രം സെന്റർ 2007-08-ൽ 3.56, 2008-09-ൽ 3.43, 2009-10-ൽ 2.85, 2010-11-ൽ 2.65. എന്താണ് അതിന്റെ അർത്ഥം? സെൻട്രൽ ട്രാൻസ്ഫർ നിരന്തരമായി കുറഞ്ഞുവരികയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് സെൻട്രൽ ട്രാൻസ്ഫർ കേരളത്തിനാണ്. പക്ഷേ രണ്ടായിരം കോടി രൂപയോളം കേന്ദ്ര സർക്കാരിന് അധിക വരുമാനം പിരിക്കുന്നതിൽ ഒരു സംസ്ഥാനത്തിനും വ്യത്യാസമില്ലതാനും. അങ്ങനെ കേന്ദ്ര ട്രാൻസ്ഫർ കുറഞ്ഞുവരുമ്പോഴും മൊത്തം സ്റ്റേറ്റ് റവന്യു കൂടുകയാണ്. കേന്ദ്ര ട്രാൻസ്ഫർ കുറയുമ്പോൾ സ്റ്റേറ്റ് റവന്യു കൂടുകയാണ്. എന്താണ് അതിന്റെ അർത്ഥം? ജി.എസ്.ഡി.പി.യുടെ ശതമാനത്തിനനുസരിച്ച് 2009-10-ൽ 8.38 ശതമാനവും 2010-11-ൽ 8.5 ശതമാനവും അങ്ങനെ നികുതി കൂടിക്കൂടി വരികയാണ്.

<u>ഡോ. എൻ. ജയരാജ്</u>: ടാക്സിൽ സെൻട്രൽ ട്രാൻസ്ഫർ കുറഞ്ഞുവരികയാണെന്ന് അങ്ങ് സൂചിപ്പിച്ചു. പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് വരികയാണ്. സ്വാഭാവികമായും സംസ്ഥാനത്തെ നികുതി സമ്പ്രദായത്തിൽ നികുതി വർദ്ധിപ്പിച്ചില്ലെങ്കിൽ സെൻട്രൽ ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്യേണ്ട സ്റ്റേറ്റ്

ഗവൺമെന്റിന്റെ തുക കുറഞ്ഞുവരുമെന്ന വിഷയമാണ് നികുതി നിരക്ക് വർദ്ധിപ്പിക്കാൻ ധനകാര്യമന്ത്രിയെ പ്രേരിപ്പിച്ച പ്രധാനപ്പെട്ട ഘടകം എന്ന കാര്യം ഇതിലുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്.

പ്രൊഫ. സി. രവീന്ദ്രനാഥ് : കേന്ദ്രത്തിൽനിന്ന് കൂടുതൽ കിട്ടാൻവേണ്ടി കേരളത്തിലെ ജനങ്ങളെ പിഴിയുക എന്നാണ് അങ്ങ് പറഞ്ഞതിന്റെ രത്നച്ചുരുക്കം. അങ്ങനെ കണക്കാക്കരുത്. നമ്മുടെ നാടിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. നമ്മുടെ റിയൽ വേജ് കുറഞ്ഞുവരുന്നതനുസരിച്ച് ടാക്സ് അന്ന് നിശ്ചയിച്ചത് അതുപോലെ തുടരുകയാണെങ്കിൽ അതിന്റെ അർത്ഥം ടാക്സ് കൂടിവരികയാണെന്നാണ്. അങ്ങനെ ടാക്സ് കൂട്ടി ജനങ്ങളെ പിഴിയുമ്പോൾ ജനങ്ങളുടെ വാങ്ങൽശേഷി കുറയുമ്പോൾ മൊത്തം അഗ്രിഗേറ്റ് ഡിമാന്റ് കുറയുമ്പോൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ തകരുമെന്നാണ് ഞാൻ സൂചിപ്പിച്ചുവരുന്നത്. അത്തരത്തിലുള്ള പ്രശ്നം കേരളത്തിൽ ഗൗരവമായി നിൽക്കുമ്പോൾ രണ്ടാമത്തെ സമാനമായ ഒരു പ്രശ്നം കൂടി വളരെ പെട്ടെന്ന് നോക്കാം. അത് മൂലധന വരുമാനത്തിന്റെ പ്രശ്നമാണ്. കേരളത്തിൽ മൂലധന വരുമാനം പ്രധാനമായും കടമാണ്. രൂപയുടെ മൂല്യത്തകർച്ച മൂലം എടുക്കുന്ന കടവും അതിന്റെ പലിശയും എത്രയോ ഇരട്ടിയായി വർദ്ധിക്കും? രൂപയുടെ മൂല്യം കുറയുമ്പോൾ എടുക്കുന്ന കടം കൂടുതൽ തിരിച്ചുകൊടുക്കേണ്ടി വരും. പലിശ കൂടുതൽ തിരിച്ചുകൊടുക്കേണ്ടിവരും. അതിന്റെ അർത്ഥം അധിക പണം നമ്മൾ കണ്ടെത്തേണ്ടിവരുമെന്നാണ്. അതിനുള്ള

വഴി, നാണയ മൂല്യത്തകർച്ച അനുസരിച്ച് കടം വാങ്ങുന്നത് കുറയ്ക്കുക യെന്നുള്ളതാണ്. അപ്പോൾ മൂലധന നിക്ഷേപം കുറയും. അത് നാളെ അല്ലെങ്കിൽ മറ്റെന്നാൾ റവന്യൂ വരുമാന തകർച്ചയിലേയ്ക്ക് നയിക്കും. അതൊരു വലിയ അടിസ്ഥാന പ്രശ്നമാണ്.

ശ്രീ. കെ. എം. മാണി : നിങ്ങളുടെ നേതാവ് ഡോ. തോമസ് ഐസക് പറയുന്നത് കടം വാങ്ങിയത് പോര, കൂടുതൽ വാങ്ങണമെന്നാണ്. അങ്ങ് പറയുന്നു കുറയ്ക്കണമെന്ന്. ഞങ്ങൾ ഏതാണ് സ്വീകരിക്കേണ്ടത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : അങ്ങനെയല്ല പറഞ്ഞത്. ഞാൻ പറഞ്ഞത് അങ്ങ് കേൾക്കാത്തതുകൊണ്ടാണ്. നമ്മുടെ നാട്ടിൽ രൂപയുടെ മൂല്യം കുറയുമ്പോൾ കടമെടുത്ത തുക കൂടും. അങ്ങനെ കടമെടുത്ത തുക കൂടുമ്പോൾ പ്രശ്ന പരിഹാരത്തിന് ഒരു ഓപ്ഷൻ, അങ്ങ് പറയുന്ന ധനക്കമ്മി കുറച്ചുനിർത്തണമെങ്കിൽ കടം കുറയ്ക്കേണ്ടിവരുമെന്നാണ് പറഞ്ഞത്. അങ്ങനെ വേണമെന്നല്ല ഞാൻ പറഞ്ഞത്. അങ്ങനെ കടം കുറച്ചാൽ നമ്മുടെ മൂലധന നിക്ഷേപം കുറയും. അതുകൊണ്ട് നമുക്ക് കുറയ്ക്കാൻ കഴിയില്ല, അത് കൂട്ടുകയാണ്. ഡോ. തോമസ് ഐസക് പറഞ്ഞ പോയിന്റിലെത്തുകയാണ്. ഈ പ്രശ്നം, കൂടുതൽ കടമെടുക്കേണ്ടി വരുമ്പോൾ മൂലധന നിക്ഷേപം കൂടും, ധനക്കമ്മി കൂടും. അതുകൊണ്ട് നിക്ഷേപം കുറയ്ക്കേണ്ട ഒരു സാഹചര്യം വരും. അങ്ങനെ വരരുതേ എന്ന രീതിയിലാണ് ഞാൻ അത് നിർദ്ദേശിച്ചത്. നാളെ അല്ലെങ്കിൽ മറ്റെ

ന്നാൾ മൂലധന നിക്ഷേപം കുറഞ്ഞാൽ റവന്യു വരുമാന തകർച്ചയി ലേയ്ക്ക് അത് നയിക്കും. ഈ രണ്ട് പ്രശ്നങ്ങളെ സാമ്പത്തിക ശാസ്ത്ര പരമായി അഡ്രസ് ചെയ്യുന്നതിനെയാണ് ധനമാനേജ്മെന്റ് എന്ന് പറയുന്ന ത്. അങ്ങ് ഈ സാമ്പത്തിക സമീപന ശാസ്ത്രത്തെ പിന്തുടരുന്നില്ല എന്ന വിമർശനം ഞാൻ ഉന്നയിക്കുകയാണ്. അതുകൊണ്ടാണ് കേന്ദ്രത്തിലും സംസ്ഥാനത്തിലും റവന്യുകമ്മിയും ധനക്കമ്മിയും എസ്റ്റിമേറ്റ് ചെയ്തി ടത്ത് നിൽക്കാതെ കൂടിക്കൊണ്ടിരിക്കുന്നത്. ഇത് കഴിഞ്ഞ കുറേ വർഷ ങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. ഓരോ രാജ്യത്തുമുണ്ടാ കുന്ന താഴെത്തട്ടിലുള്ള പ്രശ്നങ്ങളെ മനസ്സിലാക്കാതെ മാർച്ച് മാസത്തിൽ നിശ്ചയിക്കുന്ന ടാക്സ് അതേപോലെ അടുത്ത മാർച്ച് മാസം വരെ പോകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ. ഈ ഫിനാൻസ് ബിൽ അനു സരിച്ചാണ് അങ്ങ് നികുതി പിരിക്കുന്നതെങ്കിൽ, റവന്യു വരുമാന മുണ്ടാക്കാൻ ശ്രമിക്കുന്നതെങ്കിൽ ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയാം അങ്ങയുടെ ബഡ്ജറ്റിന്റെ ഫിസ്കൽ ടാർജറ്റ് എത്തുകയില്ല. ഈ വർഷത്തെ ഫിസ്കൽ ടാർജറ്റ് എത്തിയില്ലെങ്കിൽ അടുത്ത വർഷം റവന്യു വരുമാനം കൂട്ടാൻ കൂടുതൽ നികുതി ഈടാക്കേണ്ടി വരും. അല്ലെങ്കിൽ കൂടുതൽ കടം എടുക്കേണ്ടി വരും. ഇത് സാധാരണക്കാരനെ ഗുരുതര മായി ബാധിക്കുന്ന സമ്പദ്വ്യവസ്ഥയാണ്. നവലിബറൽ നയത്തിന്റെ വിശാല അർത്ഥമില്ലാത്ത ഈ സമീപന രീതിയെ അങ്ങ് പിന്തുടരു ന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കണം. നവലിബറൽ നയത്തിന്റെ

പ്രത്യേകത ഈ വിശാല അർത്ഥത്തിൽ സമ്പദ് വ്യവസ്ഥയെ കാണാതെ എങ്ങനെയെങ്കിലും ധനക്കമ്മി കുറയ്ക്കണം എന്നു മാത്രമാണ്. ലോക വികസിത രാഷ്ട്രങ്ങളടക്കം മാന്ദ്യത്തിലേയ്ക്കും സാമ്പത്തിക പ്രതിസന്ധി യിലേയ്ക്കും നീങ്ങുന്നത് ഇതുകൊണ്ടാണ്. കേരളത്തിന്റെ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളെ പഠിച്ച് കക്ഷി രാഷ്ട്രീയത്തിനപ്പുറം സാമ്പ ത്തികശാസ്ത്രപരമായി നിന്നുകൊണ്ട് ജനതയുടെ നന്മയ്ക്കായുള്ള ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. അവ അനുകൂലമായി പരിഗ ണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി വിയോജിപ്പ് രേഖപ്പെടു ത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, നികുതി നിർദ്ദേശങ്ങളിൽ വാറ്റ് നികുതി 4 ശതമാനം 5 ശതമാനമായും 12.5 ശതമാനത്തിൽനിന്ന് 13.5 ശതമാനമായി വർദ്ധിപ്പിച്ചതിന്റെ വിയോജനക്കുറിപ്പാണ് ഞാൻ രേഖപ്പെടുത്തുന്നത്. കേരളത്തിൽ പൊതുവേ സാമ്പത്തിക രംഗത്ത് എടുക്കുന്ന നയങ്ങളുടെ ഭാഗമായി രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റം ഈ സഭ തന്നെ നിരവധി തവണ ചർച്ച ചെയ്തുകഴിഞ്ഞതാണ്. ഈ നികുതി വർദ്ധനവ് വീണ്ടും രൂക്ഷമായ വിലക്കയറ്റം കേരളത്തിലുണ്ടാക്കുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. വിലക്കയറ്റം തടയുന്നതിനാവശ്യമായിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കേണ്ട ഗവൺമെന്റ് അത്തരം യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഗവൺമെന്റ് ബന്ധപ്പെട്ട വകുപ്പിനാവശ്യമായിട്ടുള്ള സാമ്പത്തിക പിന്തുണ നൽകി വിപണിയിൽ ഇടപെട്ട് സാധാരണക്കാർക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങളും നിത്യോപയോഗ വസ്തുക്കളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അത്തരം ഒരു സമീപനത്തിലൂടെ മാത്രമേ നമ്മുടെ നാട്ടിൽ ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന കൊടിയ ദുരിതവും കഷ്ടപ്പാടും അല്ലെങ്കിൽ വിലക്കയറ്റം തടയുന്നതിനുവേണ്ടി കഴിയുകയുള്ളു. കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് അത്തരമൊരു സമിപനം സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ എല്ലാ ദുർനയങ്ങളെയും എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ

പൊതുവിതരണ സംവിധാനത്തെ തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അതാണ് നിത്യോപയോഗ സാധനങ്ങൾക്ക് രൂക്ഷമായ വിലക്കയറ്റം ഉണ്ടാക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. പെട്രോളിയം ഉത്പന്നങ്ങൾക്ക് വലിയ തോതിൽ വില വർദ്ധനവുണ്ടായതും നമ്മുടെ നാട്ടിലെ വിലക്കയറ്റത്തിന്റെ കാരണമാണ്. ഇത് തടയുന്നതിനാവശ്യമായ ശക്തമായ നീക്കം കേരള ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. ടാക്സ് വർദ്ധിപ്പിച്ചുണ്ടാകുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് പിൻവലിക്കണമെന്നാണ് എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിക്കാനുള്ളത്. അതുപോലെ തന്നെ കേരളീയ സമൂഹത്തിനെ ഒരു പ്രബല വിഭാഗമായ കാർഷിക മേഖലയിൽ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും കേരള ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ടാക്സ് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുമ്പോൾ കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കണം. ഞാൻ പാലക്കാട് ജില്ലയിൽ നിന്നാണ് വരുന്നത്. എന്റെ നിയോജകണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ ഒമ്പത് പഞ്ചായത്തുകളിലും നെല്ല് ഉത്പാദിപ്പിക്കുന്ന കൃഷിക്കാരാണ്. നെല്ല് സംഭരിച്ചു, അതിന്റെ വില സമയബന്ധിതമായി കൊടുക്കേണ്ടതാണ്. 70 കോടി രൂപയാണ് ഇപ്പോൾ പാലക്കാട് ജില്ലയിൽ മാത്രം നെൽകൃഷിക്കാർക്ക് വിതരണം ചെയ്യാനുള്ളത്. ഇപ്പോൾത്തരും നാളെത്തരുമെന്ന് പറയുന്നതല്ലാതെ കൊടുക്കുന്നില്ല. അതുമൂലം കൃഷിക്കാർ കൊടിയ ബുദ്ധിമുട്ട്

അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് ഈ കർഷകർക്ക് കൊടുക്കേണ്ട നെല്ലിന്റെ സംഭരണ വില, വേറെ ഒരു ആനുകൂല്യമല്ല ഗവൺമെന്റിൽ നിന്ന് ആവശ്യപ്പെടുന്നത്. ഗവൺമെന്റ് കർഷകരിൽ നിന്ന് സംഭരിച്ച് നെല്ലിന്റെ വില ലഭിക്കണം. ന്യായമായ ആവശ്യമാണ് കർഷകർ ഉന്നയിക്കുന്നത്. അതിന് അനുഭാവപൂർണ്ണമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഇത്തരം ഒരു ദു:സ്ഥിതി കേരളത്തിലെവിടെയും പ്രത്യേകിച്ച് പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാർക്കുണ്ടായിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ നെല്ല് സംഭരിച്ചതിന്റെ വില ഒരുമാസത്തിനിടയിൽ നെൽകൃഷിക്കാർക്ക് കിട്ടിയിരുന്നു. ഇപ്പോൾ അത് കിട്ടാതിരിക്കുന്നതുകൊണ്ടുള്ള രൂക്ഷമായ പ്രതിസന്ധി പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ കാർഷിക മേഖലയിലെ മറ്റൊരു പ്രധാനപ്പെട്ട ജനവിഭാഗമാണ് കർഷകത്തൊഴിലാളികൾ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ കർഷക തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായി ക്ഷേമനിധിയിൽ കുടിശ്ശികയുണ്ടായിരുന്ന 115 കോടി രൂപ കുടിശ്ശിക മുഴുവൻ തീർത്തുകൊടുത്തു. അതുപോലെതന്നെ കർഷകത്തൊഴിലാളികളുടെ പെൻഷൻ 120 രൂപയിൽനിന്ന് 400 രൂപ വരെയായി വർദ്ധിപ്പിച്ചു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു സിംഗിൾ പൈസ കൂട്ടിയില്ല എന്നുമാത്രമല്ല കുടിശ്ശിക വരുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 7 ഗഡു അതായത് 28 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. അത് മുഴുവൻ കൊടുത്തു തീർത്തു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ വച്ചുപോയ കുടിശ്ശികയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുത്തുതീർത്തത്. അതുമാത്രമല്ല 120 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കുകയുംചെയ്തു. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്ന കാര്യം പറഞ്ഞെങ്കിലും കർഷക തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരക്ഷരം മിണ്ടിയില്ല. വാറ്റ്-ന്റെയും മറ്റിതിര വരുമാനമാർഗ്ഗങ്ങളും വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായി ഈ മേഖലയിലെ തൊഴിലാളികളെയും കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതുമായി ബന്ധപ്പെടുത്തി ഒരു സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അതുപോലെതന്നെ ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പെൻഷൻപ്രായം ഉയർത്താൻ ഗവൺമെന്റ് തീരുമാനിക്കുകയാണ് അതിനുവേണ്ടിയുള്ള ചർച്ചകളുമായി ഗവൺമെന്റ് ഗൗരവമായി മുന്നോട്ട് കൊണ്ടുവരികയാണ്. ഈ നിലയിൽ ജനവിരുദ്ധമായ സമീപനം സ്വീകരിച്ചുകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന യുവജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന

കേരളീയ സമൂഹത്തിന്റെ വിവിധ മേഖലകളിൽ വിവിധ വിഭാഗം ജന ങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന സാമ്പത്തിക സമീപനമാണ് കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ആ നില യിൽ ജനവിരുദ്ധ സമീപനം മുഖമുദ്രയാക്കിയ ഈ ബില്ലിലെ എല്ലാ നിർദ്ദേശങ്ങളി ലുമുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപ സംഹരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് ഒരുപാട് ആഗ്രഹങ്ങളുണ്ട്. പക്ഷേ ആ ആഗ്രഹങ്ങളൊന്നും നിവർത്തിക്കാൻ പ്രധാനമായും കേന്ദ്രഗവൺമെന്റ് സമ്മതിക്കുകയില്ല. അത് അങ്ങേയ്ക്കും വ്യക്തമായി അറിയാം. അങ്ങയുടെ അനുബന്ധമായ നിർദ്ദേശങ്ങളിൽ പലതും ചെറുകിട മേഖലയേയും സാധാരണ കർഷകരെയും ബേക്കറി സാധനങ്ങൾ ഉത്പാദനം നടത്തി ജീവിക്കുന്നവരെയും നമ്മുടെ വലിയ കച്ചവട മേഖലയേയുമെല്ലാം സാരമായി ബാധിക്കും. അങ്ങനെ ബാധിച്ചാൽ പ്രൊഫ. രവീന്ദ്രനാഥ് പറഞ്ഞതുപോലെ അങ്ങയുടെ പ്രതീക്ഷകളെല്ലാം അസ്ഥാനത്താകും. രൂപയുടെ മൂല്യം വർദ്ധിപ്പിക്കാൻ വേണ്ടി റിസർവ്വ് ബാങ്ക് തന്നെ നേരിട്ട് ഇടപെട്ടിട്ടും ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം മെച്ചപ്പെട്ടില്ല. അതിന്റെ പ്രശ്നം ഇൻഡ്യയാകെ അനുഭവിക്കുകയാണ്. കേരളവും അങ്ങയുടെ ബഡ്ജറ്റും സാധാരണ മനുഷ്യരുമെല്ലാം അതിന്റെ ദുരന്തമനുഭവിക്കേണ്ടി വരും. രണ്ടാമത്തെ പ്രശ്നം, കേന്ദ്ര ഗവൺമെന്റ് പ്രതീക്ഷിക്കുന്നപോലെ കഴിഞ്ഞ കൊല്ലം 22 ശതമാനം കയറ്റുമതി കൂടിയപ്പോൾ 32 ശതമാനം ഇറക്കുമതി കൂടി. ഇതെല്ലാം ഇൻഡ്യയിലെ സാധാരണ മനുഷ്യരെ ഇൻഡ്യയുടെ പൊതുസാമ്പത്തിക മേഖലയെ വല്ലാതെ ബാധിക്കും. പ്രൊഫ. രവീന്ദ്രനാഥിനോടെല്ലാം യോജിച്ചുകൊണ്ട് ഒരു അധിക കാര്യം പറയുന്നത് പലതിന്റെയും ടാക്സ് കൂട്ടാതെ അങ്ങ് കഴിഞ്ഞ വർഷം വാണിജ്യ നികുതിയിലും മറ്റ് നികുതിയിലുമെല്ലാം വരുമാനമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ

കോഴിക്കടത്തിൽ ആറുശതമാനം ടാക്സ് കുറയുകയായിരുന്നു. അതെന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. കേരളത്തിലെ ആളുകൾ കോഴി കഴിക്കുന്നതു കുറഞ്ഞുവെന്ന് നമ്മുടെ ഏത് തട്ടുകടയിൽ നോക്കിയാലും അവിടത്തെ തിരക്ക് കണ്ടാൽ തോന്നുകയില്ല. കൂടിയെന്നാണ് മനസ്സിലാക്കുന്നത്. പത്തുമണി വരെ കച്ചവടം നടത്തിയിരുന്നവരെല്ലാം പന്ത്രണ്ട് ഒരുമണി വരെ കച്ചവടം നടത്തുകയാണ്. എന്നിട്ടും ആറ് ശതമാനമെന്താണ് കുറഞ്ഞത്? അതിന്റെ അർത്ഥം ടാക്സ് പ്രഖ്യാപിക്കുമ്പോൾത്തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചതുപോലെ നമ്മുടെ കടത്ത് സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ടാക്സിൽ ചോർച്ചയില്ലാതെ പിരിക്കുന്നതിന് അങ്ങയുടെ വകുപ്പിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഒരുപാട് കോഴിയെ തിന്നുകൂട്ടുമ്പോഴും കോഴിയുടെ കടത്ത് ടാക്സ് കുറഞ്ഞതുവഴി ആറ് ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞ ഒരു കാര്യം വീണ്ടും ഞാൻ ആവർത്തിക്കുകയാണ് നമ്മുടെ ബേക്കറി മേഖല ഒരു വലിയ മേഖലയാണ്. അവിടെ വരുന്ന ഒരുപാട് ഉത്പന്നങ്ങൾ നാട്ടുമ്പുറത്തെ പാവപ്പെട്ട സ്ത്രീകൾ കുട്ടായി ഉത്പാദിപ്പിച്ച് പാക്കറ്റിലാക്കി കൊണ്ടുവന്ന് വിൽക്കുന്നതാണ്. അങ്ങ് വച്ചിരിക്കുന്ന നികുതി സംവിധാനത്തിൽ പാക്ക്ഡ് ആയിട്ടുള്ള എല്ലാത്തിനും ഒരേ തരം നികുതി നിശ്ചയിച്ചാൽ അതിന്റെ അർത്ഥം കേരളത്തിലെ പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവിതമായ ഉത്പാദന മേഖല തകർന്നുപോകുകയും ഈ ബേക്കറി മേഖല കോർപ്പ

റേറ്റ് മേഖലയിൽ ചെന്നടങ്ങുകയും ചെയ്യും. അത് സബ്ജക്ട് കമ്മിറ്റിയിലും ഉന്നയിച്ചതാണ്. അത് പിൻവലിച്ച് നമ്മുടെ സാധാരണക്കാരായ ആളുകൾ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള സമീപനം സ്വീകരിക്കണം. രണ്ടാമത്തെ കാര്യം, കോർപ്പറേറ്റ് മേഖലയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന സാധനങ്ങളെക്കാൾ മൂല്യം അനുസരിച്ചും ആരോഗ്യത്തിനനുസരിച്ചും കേരളീയ വിഭവങ്ങൾ ചേർത്തുമുണ്ടാക്കുന്ന നാട്ടിൻപുറത്ത് ഉത്പാദിപ്പിക്കുന്ന പാക്ക്ഡ് ഉത്പന്നങ്ങളാണ്. അപ്പോൾ അതിനെ രക്ഷിക്കാനുള്ള പ്രാഥമിക ബാധ്യത ഭരണപക്ഷത്തും പ്രതിപക്ഷത്തുമൊക്കെയുള്ള ഈ നിയമസഭയ്ക്കുള്ളതാണ് അത് അംഗീകരിച്ച് ഇവിടെ പ്രഖ്യാപിക്കുമെന്നാണ് ഞാൻ കരുതുന്നത്. അതുപോലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സ്വർണ്ണത്തിന്റെ കച്ചവടം. സ്വർണ്ണത്തിന്റെ കച്ചവടം വർദ്ധിക്കുന്നതിനെയും അത് കൂടുതൽ ഉപയോഗിക്കുന്നതിനെയും വ്യക്തിപരമായി എതിർക്കുന്ന ഒരാളാണ് ഞാൻ. മിക്കവാറും എല്ലാവരും അങ്ങനെയായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ സ്വർണ്ണത്തിന്റെ കച്ചവടത്തിൽ ഇവിടെ 5 ശതമാനം നികുതി നിലനിൽക്കുകയും തമിഴ്നാട്ടിൽ ഒരു ശതമാനം നികുതി നിലനിൽക്കുകയും ചെയ്താൽ ഇവിടത്തെ വലിയ കമ്പനികൾ അങ്ങോട്ട് പോകുമെന്ന് മാത്രമല്ല കച്ചവടം തമിഴ്നാട്ടിലേക്ക് മാറും. അതായത് നികുതി കൂട്ടിയതുകൊണ്ട് കേരളത്തിലെ ഖജനാവിന് ലഭിക്കേണ്ട വരുമാനം കുറയുകയും തമിഴ്നാട്ടിലെ ഖജനാവിന് ലഭിക്കേണ്ട വരുമാനം കൂടുകയും കേരളീയർ

തമിഴ്നാട് കമ്പോളത്തിലേക്ക് നോക്കുകയും ചെയ്യും. അക്കാര്യവും പരിശോധിക്കണം. അടുത്തടുത്തുള്ള സംസ്ഥാനങ്ങളിലെങ്കിലും ഇതുപോലുള്ള കച്ചവടങ്ങളിൽ ഒരേ തരത്തിലുള്ള നികുതി വരുന്നതാണ് നല്ലത്. നമുക്ക് ലഭിക്കേണ്ട നികുതിയിൽ ചോർച്ച വരരുതെന്ന് മാത്രമേയുള്ളൂ. കഴിഞ്ഞ വർഷവും അതിന്റെ മുൻ വർഷങ്ങളിലും നമുക്ക് ലഭിക്കുന്ന നികുതിയുടെ വലിയൊരു പങ്ക് നൽകുന്നത് കേരളത്തിലെ ബിവറേജസ് കോർപ്പറേഷന്റെ മുമ്പിലുള്ള ക്യൂവാണ്. ഏറ്റവും കൂടിയ തരത്തിൽ നികുതി വരുമാനം വർദ്ധിക്കുന്നതും അവിടെയാണ്. സത്യത്തിൽ അവിടെ കുടിക്കുന്നതുകൊണ്ടാണ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ആരായിരുന്നാലും പണി നടത്താൻ സാധിക്കുന്നത്. ഇന്ത്യയിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ 16 ശതമാനം കുടിച്ച് തീർക്കുന്നത് കേരളമാണ്. കേരളം കഴിഞ്ഞാൽ മദ്യത്തിന്റെ ഉപയോഗത്തിൽ തൊട്ടടുത്ത് നിൽക്കുന്ന സംസ്ഥാനം പഞ്ചാബ് ആണ്. അവിടെ 14 ശതമാനമാണ്. ഈ രണ്ട് സംസ്ഥാനങ്ങളിലെയും ജനസംഖ്യ 5 ശതമാനമാണ്. ഈ 5 ശതമാനം മനുഷ്യരാണ് ഇന്ത്യയിലെ 30 ശതമാനം മദ്യവും കുടിച്ച് തീർക്കുന്നത്.

ശ്രീ. സാജു പോൾ: സർ, പ്രബുദ്ധരായ കേരളീയരെ ഇങ്ങനെ മദ്യം വാങ്ങുന്നതിനായി ക്യൂ നിർത്തി കഷ്ടപ്പെടുത്തുന്നത് സത്യത്തിൽ അവരെ അപമാനിക്കുന്നതിന് തുല്യമാണ്. മണിക്കൂറുകളോളം ക്യൂ നിൽക്കുന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ കൂടുതൽ മദ്യം കഴിക്കാൻ

ഇടയാകുന്നത്. ക്യൂ നിന്ന് അവശരാകുമ്പോൾ മദ്യം കൂടുതലായി ഉപയോഗിക്കാൻ പ്രചോദനമാകുകയാണ്. ആയതിനാൽ അതിനൊരു പ്രതിവിധി കാണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കൂടുതൽ മദ്യം വിൽക്കുന്നതോ കഴിക്കുന്നതോ അല്ല ഇവിടത്തെ പ്രശ്നം. മദ്യത്തിൽ നിന്ന് കേരളത്തെ മോചിപ്പിക്കണം. രോഗികൾക്ക് ഒരു ശതമാനം സെസ് കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. രോഗികൾക്കുവേണ്ടി സെസ് കൊടുക്കാം. പക്ഷേ കേരളത്തിന്റെ മുഖ്യ വരുമാനം മദ്യത്തിൽ നിന്നായാൽ ഇന്ത്യയിലെ ഒരു പ്രശ്നമെന്താണെന്നുവച്ചാൽ ഇന്ത്യയിലെ മദ്യത്തിന്റെ 16 ശതമാനം കഴിക്കുന്ന മലയാളികളാണ് ഇന്ത്യയിലെ മരുന്നിന്റെ 20 ശതമാനവും കഴിക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, മദ്യ വിൽപ്പനയിൽ ഒന്നാം സ്ഥാനത്തേയ്ക്ക് കേരളം എത്തുന്നുവെന്ന് അങ്ങ് പറഞ്ഞു. ഇത് ബിവറേജസ് കോർപ്പറേഷൻ നിയപ്രകാരം വിൽക്കുന്ന മദ്യത്തിന്റെ കാര്യം മാത്രമാണ്. ഇവിടെ വൻതോതിൽ വ്യാജ ചാരായവും വ്യാജ മദ്യവും വിറ്റഴിക്കുന്നുണ്ട്. അതുസംബന്ധിച്ച് വല്ല വ്യക്തതയും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അതെല്ലാം ചേരുമ്പോൾ ഭയാനകമായ അവസ്ഥയാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ട് അങ്ങയോട് ഞാൻ പറയുന്നത് ഒരു ശതമാനം സെസ്സ് എന്നുള്ളതല്ല, 16 ശതമാനം മദ്യം

കുടിച്ചും 20 ശതമാനം മരുന്ന് കഴിച്ചും ഇന്ത്യയിലെ ആകെ രോഗികളിൽ 18 ശതമാനത്തെ പേറിയും ഇതുപോലെ അബോധാവസ്ഥയിൽ നിൽക്കുന്ന ഒരു സമൂഹത്തെ അങ്ങല്ല ആരു വിചാരിച്ചാലും ബോധ പൂർവ്വം ഐശ്വര്യത്തിലേക്ക് നയിക്കുവാൻ സാധിക്കില്ല. അതുപോലെ രോഗഗ്രസ്ഥമായ ഒരു സമൂഹത്തെ അങ്ങല്ല ആര് വിചാരിച്ചാലും ആരോ ഗ്യത്തിലേയ്ക്കും നയിക്കാൻ സാധ്യമല്ല. ബോധപൂർവ്വം ഐശ്വര്യത്തി ലേയ്ക്കും ബോധപൂർവ്വം ആരോഗ്യത്തിലേയ്ക്കും നയിക്കണമെങ്കിൽ ഇതിന്റെ വരുമാനം ഏറ്റവാങ്ങുമ്പോൾത്തന്നെ ഈ വിപത്തിനെ തിരിച്ച റിഞ്ഞ് അത് തിരുത്തുന്നതിനുള്ള നടപടികൾ അങ്ങയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ അധികമായി ഉണ്ടാകണം.

ശ്രീ. ജി. സുധാകരൻ: സർ, ലോകത്തെ മറ്റ് പരിഷ്കൃത രാജ്യങ്ങ ളെടുത്താൽ ഇത്രയും പരസ്യമായി റോഡരുകിൽ ക്യൂ നിന്ന് മദ്യം വാങ്ങാൻ അനുവദിക്കുന്ന ഏക സംസ്ഥാനം കേരളമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ അവസ്ഥ നിരോധിക്കേണ്ടതല്ലേ? റോഡിൽ ക്യൂ നിന്ന് മദ്യം വാങ്ങുന്നത് ശരിയായ ഒരു കാര്യമാണോ?

ശ്രീ. സി.പി. മുഹമ്മദ്: സർ, ആയുർവേദ മരുന്നുകളുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. മദ്യം കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്നത് വാജീകരണ ഔഷധങ്ങളും സൗന്ദര്യ വർദ്ധക വസ്തുക്കളുമാണ്. കോടിക്കണക്കിന് രൂപയുടെ ബിസിനസാണ് കേരളത്തിൽ നടക്കുന്നത്. ഇവിടെ ധന്വന്തരം ഗുളികയ്ക്കും, ഗോരോച

നാദി ഗുളികയ്ക്കും ദശമൂലാരിഷ്ടത്തിനും വില കൂട്ടണമെന്നല്ല പറയുന്നത്. ഈ വ്യവസായ രംഗത്ത് ധനകാര്യ വകുപ്പുമന്ത്രി വേണ്ടവിധത്തിൽ കൈവെച്ചിട്ടില്ലെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇതിനുള്ള മറുപടി പിന്നീട് പറയാം. നമ്മുടെ നാട്ടിൽ മദ്യം വിൽക്കുന്നത് റോഡരികിലാണ്. അതായത് ഇത് വാങ്ങുന്നതുകൊണ്ട് ഒരു അപമാനവുമില്ലായെന്നുള്ള തോന്നൽ ഈ റോഡരികിലെ ക്യൂ കാണുന്ന ഒരു യൗവനത്തിന് തോന്നുന്നുണ്ട്. അത് ശരിയല്ല. ഇക്കാര്യത്തെക്കുറിച്ച് ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. ഇത്തരം മദ്യ വിൽപ്പന ശാലകൾ ആളുകൾ കാണാത്ത ഒരു പ്രദേശത്തേയ്ക്ക്, കുറച്ച് ഉള്ളിലേയ്ക്ക് മാറ്റിയാൽ തന്നെ ഇവിടെ അഭിമാനത്തിന്റെ പ്രശ്നമുണ്ടാകും. നമ്മുടെ ആരോഗ്യത്തെയും ജീവിതത്തെയും കാർന്നുതിന്നുന്നു എന്ന് മലയാളി തിരിച്ചറിയുന്ന, എന്നാൽ തിരുത്താൻ സാധിക്കാത്തവണ്ണം മൂടപ്പെടുന്ന ഈ അവസ്ഥയിൽനിന്ന് നമുക്ക് മോചിതരാകേണ്ടതുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് പറഞ്ഞത് മദ്യവിൽപ്പന ശാലകൾ ഉൾനാടൻ പ്രദേശത്തേയ്ക്ക് മാറ്റണമെന്നാണ്. അങ്ങനെ ഉൾനാടൻ പ്രദേശത്തേയ്ക്ക് മാറ്റിയാൽ അതൊരു പട്ടണമായി മാറും എന്നുള്ളതാണ് സത്യം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മദ്യവിരുദ്ധ സമിതിയുടെ പ്രചാരകനായിരുന്ന എം.പി. മന്മദൻ സാർ പറഞ്ഞത് മദ്യഷാപ്പ് നടത്തുന്നവന് രത്നഖനിയും ഇത് കുടിക്കുന്നവന് മരണക്കെണിയുമാണെന്നാണ്. ഇപ്പോൾ അക്ഷരാർത്ഥത്തിൽ ആ രത്നഖനിയും മരണക്കെണിയും കേരളത്തിൽ സംജാതമായിട്ടുണ്ട്. സെസ്സിന്റെ കാര്യമെന്തായാലും ഈ വിപത്തിനെ പ്രതിരോധിക്കാനും താഴ്ത്തികൊണ്ടുവരാനുമുള്ള നടപടിക്രമങ്ങൾ ബോധപൂർവ്വവും ശാസ്ത്രീയവുമായി കേരളത്തിൽ ഉണ്ടാക്കിയില്ലെങ്കിൽ കേരളത്തിന് ഒരിക്കലും ഈ അബോധാവസ്ഥയിലുള്ള ജനത്തെ ബോധപൂർവ്വം ഐശ്വര്യത്തിലേക്ക് നയിക്കാൻ സാധിക്കില്ല. രണ്ടാമത്തെ പ്രശ്നം, ആയുർവേദത്തിന്റെ കാര്യമാണ്. ആയുർവേദം കേരളത്തിന്റെ ഭാവി സാധ്യതയാണെന്നാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ പറഞ്ഞത്. അത് വളരെ ശരിയാണ്. നമ്മുടെ പശ്ചിമഘട്ടവും അവിടത്തെ ഔഷധസസ്യങ്ങളും ലോകത്തിലെതന്നെ അനന്ത സാധ്യതയുള്ള ഒരു ഇടമാണെന്നാണ് ശ്രീ. സ്വാമിനാഥൻ അദ്ദേഹത്തിന്റെ ഫാർമേഴ്സ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. സാധാരണ ഗതിയിൽ അവിടെയുള്ള ചെടികളും വേരുകളും അസംസ്കൃത വസ്തുവായി വിറ്റാൽതന്നെ 3000 കോടി രൂപയോളം ലഭിക്കുമെന്നും ഇത് സ്വാഭാവികമായി പ്രകൃതി നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അവിടെ ധാരാളം വ്യാജരീതികളും കടന്നുകയറ്റങ്ങളും ആയുർവേദത്തെതന്നെ അപഹസിക്കുന്ന സംവിധാനങ്ങളുമെല്ലാമുണ്ട്. പക്ഷേ ആയുർവേദത്തിന് സാധ്യതയുള്ള ഈ കേരള

ത്തിലെ കാലാവസ്ഥയിൽ കേരളത്തിലെ ഔഷധസസ്യ സമ്പത്തും നമ്മുടെ മലയും കടലും കാവൽ നിൽക്കുന്ന പ്രത്യേക സംവിധാനങ്ങളുമെല്ലാം ചേർത്ത് നമ്മൾ മുന്നോട്ട് പോകാൻ ശ്രമിക്കുമ്പോൾ ഇവിടെ പറഞ്ഞതുപോലെ ആയുർവേദ കമ്പനിക്കാർ ഉണ്ടാക്കി വിറ്റതിന് അവർ ഈടാക്കാത്തതുകൂടി 2009 മുതൽ ഈടാക്കാൻ ശ്രമിക്കുന്നത് പിൻവലിച്ച് അങ്ങ് ബഡ്ജറ്റിൽ പറഞ്ഞ യഥാർത്ഥ ആയുർവേദത്തിന്റെ സത്തയെ, ഭാവി സാധ്യത അതാണെന്ന് തിരിച്ചറിഞ്ഞ് അതിലുള്ള നിർദ്ദേശം പിൻവലിക്കണം. സത്യത്തിൽ ആയുർവേദത്തിന്റെ സാധ്യത കേരളത്തിൽ സമ്പന്നമാക്കിയെടുക്കാനുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയെ ഭംഗി വാക്കായി കരുതാതെ അത് അർത്ഥവത്താകണമെങ്കിൽ അതുകൂടി ചെയ്യണമെന്ന് ശ്രീ.സി. രവീന്ദ്രനാഥ് പറഞ്ഞതുപോലെ ഞാൻ നിർദ്ദേശിക്കുകയാണ്. മൊത്തത്തിൽ കേരളത്തിലെ സാധാരണ മനുഷ്യന്റെ ജീവിതത്തെ അത് സാരമായി ബാധിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് 200 ഗ്രാം വെളിച്ചെണ്ണ പാക്ക് ചെയ്യുന്നതിന് എട്ടര ശതമാനം അധിക ടാക്സ് വയ്ക്കുകയും പാമോയിലിന് ടാക്സ് വയ്ക്കാതിരിക്കുകയും ചെയ്യുന്ന ഒരു കാലത്ത് നമ്മുടെ നാളികേരത്തെയും നമ്മുടെ കൃഷിയെയും നമ്മുടെ പച്ചപ്പിനെയുമെല്ലാം സംരക്ഷിക്കാനുള്ള അധിക സംരക്ഷണ രീതികൾ കേരളത്തിൽ ഉണ്ടാകണം. അതിനെയെല്ലാം തകർക്കുന്ന സംവിധാനമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ജൂൺ 5-ാം

തീയതി ലോകപരിസ്ഥിതി ദിനമായിരുന്നു. ഇപ്പോൾ രാഷ്ട്രീയ നേതാക്കളും പരിസ്ഥിതി പ്രസ്ഥാനത്തിലേക്ക് വരികയാണ്. ഹരിത സാമ്പത്തികം - അതിൽ നിങ്ങളുണ്ടോ എന്നുള്ളതാണ് ഇത്തവണത്തെ മുദ്രാവാക്യം. ഹരിത സാമ്പത്തികത്തെക്കുറിച്ച് പറഞ്ഞാൽ വളരെ പ്രധാനപ്പെട്ട, വളരെ സെൻസിറ്റീവായ ഒരു മേഖലയാണ് കേരളം. ഹരിത സാമ്പത്തികം കൊണ്ടുമാത്രം ഭാവിയിൽ കേരളത്തിന് ഒരുപക്ഷേ ലോകത്തെ നയിക്കാം. ആ ഹരിത സാമ്പത്തികത്തെ രക്ഷിക്കാൻ നിങ്ങളുണ്ടോ എന്ന ചോദ്യത്തിന് കേരളത്തിലെ കർഷകരും കർഷകത്തൊഴിലാളികളും കാവലായി നിന്ന് ഞങ്ങൾ കൂടെയുണ്ട് എന്ന് പറയാനുള്ള ബാദ്ധ്യത കേരളത്തിനുണ്ട്. ആ ബാദ്ധ്യത നിർവ്വഹിക്കണമെങ്കിൽ ഈ ബഡ്ജറ്റ് കൂടുതൽ ഹരിത സാമ്പത്തികത്തിന് അനുകൂലമായ, കാവലായ ബഡ്ജറ്റാകണം. ഇപ്പോഴത്തെ ബഡ്ജറ്റിൽ ഒരുപാട് കുറവുകളുണ്ട്. ആ കുറവുകളെ പരിഹരിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ സമ്പന്നമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ ഈ ബഡ്ജറ്റിൽ ഭൂനികുതി വർദ്ധിപ്പിച്ചതിനെ ഞാൻ എതിർക്കുകയാണ്. ഭൂനികുതി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം സാമ്പത്തിക ലാഭമുണ്ടാവില്ലെന്നാണ് അനുഭവങ്ങളും കണക്കുകളും തെളിയിക്കുന്നത്. ഭൂനികുതി ഇനത്തിൽ 60.75 കോടി രൂപയാണ് ഈ വർഷം പിരിഞ്ഞുകിട്ടിയത്. ഈ ഇനത്തിൽ 2007-08 കാലഘട്ടത്തിൽ അതിനുതൊട്ടുമുമ്പത്തെ വർഷത്തേക്കാളും 14.5 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2010-11 സാമ്പത്തികവർഷം എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഭൂനികുതി വർദ്ധിപ്പിക്കാതെ തന്നെ 23.2 ശതമാനത്തിന്റെ വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സി. ആന്റ്. എ. ജി.യുടെ 2011-12-ലെ താൽക്കാലിക കണക്കനുസരിച്ച് ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ തൊട്ടുമുമ്പത്തെ വർഷത്തെക്കാൾ 18.4 ശതമാനം വരുമാനം മാത്രമാണ് ഉണ്ടാക്കാൻ സാധിച്ചത്. അപ്പോൾ നികുതി വർദ്ധിപ്പിച്ചതുകൊണ്ട് വരുമാനം വർദ്ധിച്ചുകൊള്ളണമെന്നില്ല എന്ന വസ്തുതയാണ് ഇതിലൂടെ വെളിപ്പെടുത്തുന്നത്. സ്വർണ്ണത്തിന്റെ കാര്യത്തെപ്പറ്റി ഇവിടെ പറഞ്ഞു. അയൽ സംസ്ഥാനങ്ങളിൽ സ്വർണ്ണത്തിന് ഒരു ശതമാനം മാത്രം നികുതിയുള്ളപ്പോൾ കേരളത്തിൽ സ്വർണ്ണത്തിന് അഞ്ച് ശതമാനം നികുതിയാണ് ഈടാക്കുന്നത്. സ്വർണ്ണത്തിന് ദിനംപ്രതി വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നികുതിയും കൂടുതലാണ്. എന്നാൽ സ്വർണ്ണത്തിന്റെ നികുതി ഇനത്തിലെ ടേൺഓവറിൽ വർദ്ധനവുണ്ടാകുന്നില്ലെന്നാണ് അനുഭവങ്ങൾ തെളിയി

ക്കുന്നത്. കേരളത്തിലെ ഹോൾസെയിൽ സ്വർണ്ണവ്യാപാരികൾ മിക്കവാറും ഇവിടെയുള്ളതിനേക്കാൾ ഇരട്ടിയോളം ഷോപ്പുകൾ അന്യസംസ്ഥാനങ്ങളിൽ തുടങ്ങുകയാണ്. അതിനാൽ നികുതി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഈ കാര്യത്തിൽ വരുമാനം വർദ്ധിക്കുകയില്ല എന്നതിന്റെ രണ്ടുമൂന്നു അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ബേക്കറി ഇനങ്ങൾക്കുണ്ടായിരുന്ന അഞ്ച് ശതമാനം നികുതി 13.5 ശതമാനമാക്കി വർദ്ധിപ്പിച്ചു. നാട്ടിൻപുറങ്ങളിൽ കുടിൽവ്യവസായമെന്ന നിലയിൽ പലഹാരങ്ങൾ ഉണ്ടാക്കി പായ്ക്കറ്റിലാക്കി ഒരു ലോക്കൽ ബ്രാൻഡിന്റെ പേര് കൊടുത്ത് അത് വിറ്റ് ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ഇവിടെയുണ്ട്. അവരേയും ബഹുരാഷ്ട്രകുത്തകക്കമ്പനികളുടെ ബ്രാൻഡഡ് സാധനങ്ങൾക്കും 13.5 ശതമാനമെന്ന നികുതിയിലേയ്ക്ക് വന്നിരിക്കുകയാണ്. അങ്ങനെ ഈ കുടിൽവ്യവസായങ്ങൾ മുഴുവൻ തകരാൻ പോവുകയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് വലിയ വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് പറയാൻ കഴിയില്ല. ആ രീതിയിൽ നികുതി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം വരുമാനം വർദ്ധിക്കുകയില്ല, നികുതി പിരിച്ചെടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനാൽ ഈ കാര്യങ്ങളിൽ ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്. മദ്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, മദ്യത്തിന് നികുതി വർദ്ധിപ്പിക്കുന്നതിലൂടെ കേരളത്തിന് അധികവരുമാനം ലഭിക്കുന്നുണ്ടെന്നും അതാണ് ഏറ്റവും പ്രധാനപ്പെട്ട വരുമാനമെന്നും ഇവിടെ പറയു

കയുണ്ടായി. ബ്രാൻഡഡ് ആയിട്ടുള്ള മദ്യം വിൽക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ഇവിടെ കൊണ്ടുവരാൻ പാടില്ലാത്തതാണെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടി കഴിഞ്ഞ സഭ യിൽ ഞാൻ ഒരു അരിഷ്ടം ഇവിടെ കൊണ്ടുവരികയുണ്ടായി. അരിഷ്ട മെന്ന പേരിൽ പെട്ടിക്കടകളിൽ വിൽക്കുന്ന മദ്യത്തിന് അരിഷ്ടത്തിന്റെ ടാക്സ് മാത്രമേ ഈടാക്കുന്നുള്ളൂ. ഇവിടെ പറഞ്ഞ എല്ലാ കണക്കു കൾക്കും പുറമേയാണ് പെട്ടിക്കടകളിലൂടെ അരിഷ്ടത്തിന്റെ പേരിൽ മദ്യം വിറ്റുകൊണ്ടിരിക്കുന്നത്. ഇതൊക്കെ പിടിച്ചെടുക്കാനോ കണ്ടെത്താനോ ശ്രമിക്കാതെ ജനങ്ങൾക്ക് നികുതി വർദ്ധനവുണ്ടാക്കിയാൽ അതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് തോന്നുന്നില്ല. അതുപോലെതന്നെ കക്ഷിരാഷ്ട്രീയത്തിനധീതമായി പണം ചെലവഴിക്കുന്ന രീതിയിലും ഒരു പുനർവിചിന്തനം നടത്തണമെന്ന അഭിപ്രായം ഞാൻ മുന്നോട്ടുവയ്ക്കുക യാണ്. ഇപ്പോൾ ഒരേ റോഡുതന്നെ എല്ലാകൊല്ലവും നന്നാക്കുന്നതിലൂടെ ധാരാളം തുക ചെലവഴിക്കുന്നുണ്ട്. ഈ കൊല്ലം റോഡ് നന്നാക്കുകയും നാലഞ്ച് മാസം കഴിയുമ്പോൾ മഴക്കാലത്ത് ആ റോഡ് ഇടിഞ്ഞുപൊളി ഞ്ഞുപോകുകയും അടുത്ത തവണ വീണ്ടും റോഡ് നന്നാക്കുകയും ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ റോഡ് നന്നാക്കു മ്പോൾ അതിനടിയിലൂടെ പോകുന്ന പൈപ്പ് പൊട്ടുന്നു. ഇത്തരത്തിൽ ഒരു ഗുണവുമില്ലാതെ ഒരേ കാര്യംതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമ

ന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് എല്ലായിടത്തും ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ചൂണ്ടൽ-കുറ്റിപ്പുറം വരെയുണ്ടാക്കിയ കെ.എസ്.ടി.പി. റോഡിന്റെ നടുവിലൂടെ 700 എം.എം. വിഡ്ത്തുള്ള തൃത്താല-പാവറട്ടി പൈപ്പ് ലൈനിന്റെ ഒരുഭാഗം കടന്നുപോവുകയാണ്. വളരെ കാലപ്പഴക്കമുള്ള ആ പൈപ്പ് ഇടയ്ക്കിടയ്ക്ക് പൊട്ടുന്നതിന്റെ ഫലമായി നന്നാക്കിയ റോഡിൽ കുഴിയുണ്ടാവുകയും അത് നശിച്ചുപോകുകയുംചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. അതുപോലെതന്നെ കുന്ദംകുളം-ഗുരുവായൂർ റോഡിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ്ലൈൻ മൂന്ന് വർഷങ്ങൾക്കുമുമ്പ് മാറ്റേണ്ടതായിരുന്നു. ആ പൈപ്പ് മാറ്റാത്തതിനാൽ ഇടയ്ക്കിടയ്ക്ക് പൊട്ടലുണ്ടാവുകയും ആ കുഴിയിൽ വീണ് ഇതുവരെ 12 ആളുകളുടെ ജീവഹാനിക്ക് ഇടയാവുകയും ചെയ്തിട്ടുണ്ട്. എല്ലാ വർഷവും ഈ പ്രക്രിയതന്നെ തുടർന്നുവരികയാണ്. ഒരർത്ഥവുമില്ലാതെ ഇത്തരത്തിൽ പണം ചെലവഴിക്കുന്ന രീതിയെപ്പറ്റി ചർച്ചചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. ഇങ്ങനെ പണം ദുർവ്യയം ചെയ്യുന്നതുകൊണ്ട് എന്ത് ഗുണമാണുള്ളത്? ഇത്തരത്തിൽ നികുതി വർദ്ധിപ്പിക്കുന്നതുകൊണ്ട് ആർക്കും യാതൊരു ഗുണവുമുണ്ടാകുന്നില്ല. ഇപ്പോൾ സജീവമായ ചർച്ച നടക്കുന്നത് ഭൂമിയുമായി ബന്ധപ്പെട്ട കാര്യത്തിലാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഭൂമി കയ്യേറുന്നവർക്കെല്ലാം അംഗീകാരം കൊടുക്കുന്ന ഒരു നയമാണ് ഈ ഗവൺമെന്റ് എടുക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഭൂരഹി

തർക്കുഭൂമി, ഭൂമികേരളം എന്നീ പദ്ധതികളെപ്പറ്റി വലിയതോതിൽ സംസാരിക്കുമ്പോഴും ഭൂമിയില്ലാത്ത ഒരാൾക്കുപോലും ഭൂമി ലഭിച്ചതായി പറയാൻ കഴിയില്ല. ഭൂമിയില്ലാത്തവർ എന്നും ഭൂമിയില്ലാത്തവരായി പുറമ്പോക്കുകളിലും മറ്റും കൂരകെട്ടി താമസിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുമുള്ളത്. അങ്ങനെയുള്ളവർക്ക് ഭൂമി കൊടുക്കണമെന്ന് ഗവൺമെന്റ് വിചാരിച്ചാൽപോലും അവർക്ക് കൊടുക്കാനുള്ള ഭൂമി കണ്ടെത്തുക എന്നത് വളരെ പ്രയാസമാണ്. നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ ലോകം മുഴുവൻ പരിസ്ഥിതി ചിന്തകളിലേയ്ക്ക് വരുന്ന, ലോകത്തിലെ ഭരണാധികാരികളെല്ലാം പരിസ്ഥിതിവാദികളായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലാണ് ഭൂമിയുടെ കാര്യത്തിൽ ഏറ്റവും മോശപ്പെട്ട നടപടികളിലേയ്ക്ക് കേരളം പ്രവേശിക്കുന്നതെന്ന് പറയാതിരിക്കാനാവില്ല. തണ്ണീർത്തടങ്ങൾ നികത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഇപ്പോഴും വളരെ സജ്ജീവമായി നടക്കുകയാണ്. അതിനെക്കുറിച്ച് പറയുമ്പോഴെല്ലാം ബഹുമാനപ്പെട്ട തോമസ് ഐസക്കിന്റെ കാലത്ത് ഇതിനെക്കുറിച്ച് ബഡ്ജറ്റിലും പ്രസംഗത്തിലുമൊക്കെ പറഞ്ഞിരുന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി പറയാറുള്ളത്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇവിടെ സൂചിപ്പിച്ചതുപോലെ നാല് സെന്റിലും അഞ്ച് സെന്റിലും മൂന്നുസെന്റിലും വീടുവച്ച് താമസിക്കുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾ അന്നത്തെ കാലത്തും ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അത്തരം ചില ആളുകളുടെ പ്രശ്നങ്ങൾ പരിഹരി

ക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ വന്നിട്ടുണ്ടെങ്കിലും അത് ഒരു ഓർഡിനൻസിലൂടെയോ ഗവൺമെന്റ് ഓർഡറിലൂടെയോ നടപ്പിലാക്കുകയല്ല ചെയ്തത്. ഇതിനെക്കുറിച്ച് സമഗ്രമായി ചർച്ച ചെയ്ത് ഒരു നിയമമുണ്ടാക്കണമെന്നാണ് അന്ന് ഡോ. ടി.എം. തോമസ് ഐസക്കിന്റെ ഭാഗത്തുനിന്ന് വന്നിട്ടുള്ള നിർദ്ദേശം.  അത് ഉയർത്തിപ്പിടിച്ചുകൊണ്ട് തണ്ണീർത്തടങ്ങളാകെ നികത്താവുന്ന വിധത്തിൽ ഒരു നിയമമുണ്ടാക്കാൻ ഇപ്പോൾ ശ്രമിക്കുന്നത് ശരിയല്ല. ഇനി വളരെക്കുറിച്ച് കൃഷിഭൂമി മാത്രമേ കേരളത്തിൽ നികത്താൻ ബാക്കിയുള്ളൂ. ഈ പ്രസംഗം നിയമസഭയിൽ വന്നതിന്റെ പിറ്റേദിവസം ഭൂമി നികത്തൽ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തലേദിവസം വരെ ഓടിക്കൊണ്ടിരുന്നതിനേക്കാൾ കൂടുതൽ ലോറികൾ ഭൂമി മണ്ണിട്ടു നികത്താനായി ഓടിക്കൊണ്ടിരിക്കുകയാണ്. എല്ലാ ഭൂമാഫിയകൾക്കും അവർ നികത്തുന്ന ഭൂമിക്ക് അംഗീകാരം കിട്ടുമെന്ന കാര്യത്തിൽ നൂറുശതമാനവും ഉറപ്പുണ്ട്. ഇങ്ങനെപോയാൽ കേരളത്തിൽ അവശേഷിക്കുന്ന ഭൂമി കൂടി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഭരണപക്ഷത്തുള്ള ആളുകൾ ഹരിത ലോകത്തിനുവേണ്ടി വാദിക്കുന്നത് സത്യസന്ധമാണെങ്കിൽ തീർച്ചയായും നെൽവയൽ നികത്തലിനെതിരായി ശബ്ദമുയർത്തണം. ശ്രീ. വി.എം. സുധീരനും ശ്രീ. രമേശ് ചെന്നിത്തലയും നെൽവയൽ നികത്തുന്നതിനെതിരായി ശബ്ദമുയർത്തുന്നുവെന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ, പ്രതീക്ഷയുണ്ടാക്കുന്ന കാര്യ

മാണ്. ആകെയുള്ള കുറച്ചുഭൂമിയിൽ കൃഷി ചെയ്യാൻ ശ്രമിക്കുമ്പോൾ നികുതി വർദ്ധനവിലൂടെ അത്തരം ആളുകളെ അവിടെനിന്ന് ഓടിക്കുന്ന ഒരു സമീപനമുണ്ടാകരുതെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഈ നിയമസഭയിൽ നടക്കുന്ന ചർച്ചകളെല്ലാം ഭൂമി നികത്താതിരിക്കാൻ വേണ്ടിയുള്ള ചർച്ചകളാകണം. നികുതി വർദ്ധിപ്പിക്കുക അതിലൂടെ വരുമാനമുണ്ടാക്കുക ...............

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഭവനപദ്ധതികളുമായി ബന്ധപ്പെട്ട് മൂന്നും നാലും സെന്റുകളിൽ വീട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നിലംനികത്തി വീടുവയ്ക്കാനുള്ള അവസരം നിഷേധിക്കുന്നതിലൂടെ സാധാരണക്കാർ മാത്രമാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സർക്കാർ എന്ത് നിലപാടാണ് ഇതിന്മേൽ സ്വീകരിക്കേണ്ടതെന്ന് പറയാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു എം. പാലിശ്ശേരി: തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ കാര്യങ്ങളെ സംബന്ധിച്ചുകൂടിയാണ് ഞാൻ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. പ്ലാസ്റ്റിക്കിന്റെ നികുതി അഞ്ച് ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേയ്ക്ക് ഉയർത്തുകയാണ്. പ്ലാസ്റ്റിക് വിരോധത്തിന്റെ ഭാഗമായി ഇങ്ങനെ ചെയ്യുമ്പോഴും പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. എത്രത്തോളം പ്ലാസ്റ്റിക് നിരോധിക്കാൻ കഴിയുമോ അത്രയും നിരോ

ധിക്കണം. അതിനോടൊന്നും ഞങ്ങൾക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. കേരളത്തിൽ പ്ലാസ്റ്റിക്ക് ഉണ്ടാക്കുന്ന പരിമിതമായ കമ്പനികൾ മാത്രമാണുള്ളത്. കേരളത്തിൽ അവശേഷിക്കുന്ന ചില വ്യവസായങ്ങൾ കൂടി അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകാൻ മാത്രമേ ഇത് ഇടയാക്കുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യം ഒന്നുകൂടി പരിശോധിക്കേണ്ടതാണ്. ഇപ്പോൾ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധിച്ചിട്ടുള്ള സ്ഥിതിക്ക് 30 മൈക്രോണിനുമുകളിലുള്ള പ്ലാസ്റ്റിക് നിർമ്മാണത്തിന് നികുതി വർദ്ധിപ്പിക്കുമ്പോൾ പ്ലാസ്റ്റിക് നിരോധനത്തിനുള്ള ഒരു കാരണമായി ഈ നികുതി വർദ്ധനിവിനെ കാണാൻ കഴിയുമോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി പരിശോധിക്കണമെന്നും വർദ്ധിപ്പിച്ച ഭൂനികുതി പിൻവലിക്കണമെന്നും ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.